## പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1631

16/03/2015-ൽ മറുപടിക്ക്

### കോഴിക്കോട് തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഭവനശ്രീ വായ്പ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) | |
| (എ) | കോഴിക്കോട് തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ കോർപ്പറേഷൻ ബാങ്കിൽ നിന്നും നൽകിയിട്ടുള്ള ഭവനശ്രീ വായ്പകൾ എഴുതിതള്ളിയിട്ടുണ്ടോ; | (എ) | കോഴിക്കോട്, തിരുവള്ളൂർ ഗ്രാമ പഞ്ചായത്തിൽ കോർപ്പറേഷൻ ബാങ്കിൽ നിന്നും നൽകിയിട്ടുള്ള ഭവനശ്രീ വായ്പകൾ എഴുതി തള്ളുന്നതിന്റെ ഭാഗമായി ആയത് 29.01.2015 ലെ സ.ഉ (എംഎസ്) 19/2015/തസ്വഭവ നമ്പർ ഉത്തരവ്വ പ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | എങ്കിൽ വായ്പക്കാരുടെ പ്രമാണങ്ങൾ തിരികെ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ഇല്ല.<br>ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി കോർപ്പറേഷൻ ബാങ്കും കുടുംബശ്രീയും സർക്കാരും തമ്മിൽ ഏർപ്പെടേണ്ട ത്രികക്ഷി കരാർ അംഗീകരിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയായാലുടൻ വായ്പക്കാരുടെ പ്രമാണങ്ങൾ തിരികെ നൽകുന്നതാണ്. |
| (സി) | തിരുവള്ളൂർ പഞ്ചായത്തിലെ ഭവനശ്രീ ഗുണഭോക്താക്കൾക്ക് കോർപ്പറേഷൻ ബാങ്കിൽ നിന്നും പണയ പ്രമാണങ്ങൾ തിരികെ ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | (സി) | ദേശസാൽകൃത ബാങ്കുകളിൽ നിലനിന്നിരുന്ന ഭവനശ്രീ വായ്പ 13/09/2010 ലെ സ.ഉ.(എം.എസ്.) നം. 211/2010/തസ്വഭവ നമ്പർ ഉത്തരവ്വ പ്രകാരം സർക്കാർ ഏറ്റെടുത്തിരുന്നു. ഇതിനു മുന്നോടിയായി കുടുംബശ്രീ എസ്.എൽ.ബി.സി. യുടെ സഹായത്തോടെ വിവരശേഖരണം നടത്തിയപ്പോൾ കോർപ്പറേഷൻ ബാങ്ക് അധികൃതർ തിരുവള്ളൂർ ബ്രാഞ്ചിൽ നിലനിന്നിരുന്ന ഭവനശ്രീ വായ്പയെക്കുറിച്ചുള്ള വിവരങ്ങൾ എസ്.എൽ.ബി.സി.യെയോ കുടുംബശ്രീയെയോ അറിയിച്ചിരുന്നില്ല എന്ന് കണ്ടെത്തുകയുണ്ടായി. വിവിധ ബാങ്കുകളിൽ നിന്നും ഇത്തരത്തിൽ വിട്ടുപോയ ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ ലഭ്യമാക്കിയ, കോർപ്പറേഷൻ ബാങ്ക് തിരുവള്ളൂർ ബ്രാഞ്ചിലെ ഭവനശ്രീ അക്കൗണ്ടുകൾ 29/01/2015 |

ലെ സ.ഉ. (എം.എസ്.)നം. 19/2015 നമ്പർ ഉത്തരവു പ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി കോർപ്പറേഷൻ ബാങ്കും കുടുംബശ്രീയും സർക്കാരും തമ്മിൽ ഏർപ്പടേണ്ട ത്രികക്ഷി കരാറിന്റെ അംഗീകാരത്തിനുള്ള നടപടി സ്വീകരിച്ചു വരുകയാണ്. ആയത് പൂർത്തിയായാലുടൻ പണയ പ്രമാണങ്ങൾ തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ